"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23.02.2026-ലെ യോഗത്തിലെ 4.34 നമ്പർ തീരുമാനം - തില്ലങ്കരി ഗ്രാമപഞ്ചായത്ത് 2023-24 ൽ MGNREGS-ൽ ഉൾപ്പെടുത്തി ഏറ്റെടുത്ത തില്ലങ്കരി ഗവ. യുപി സ്കൂൾ ചുറ്റു മതിൽ നിർമ്മാണം -വാല്യുവേഷൻ എടുക്കാൻ ഇരിട്ടി ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറെ ചുമതലപ്പെടുത്തിയും വാല്യവേഷന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവർക്ക് അർഹമായ തുക നൽകുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.570/2026/LSGD തീയതി,തിരുവനന്തപുരം, 04-03-2026

---

പരാമർശം:
1. കണ്ണൂർ ജില്ലാ പ്ളാനിംഗ് ഓഫീസറുടെ 2.5.2025 ലെ കത്ത്
2. MGNREGS മിഷൻ ഡയറക്ടറുടെ 28.10.2025-ലെ NREGA/695/2025-D1നമ്പർ കത്ത്
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ - ഓർഡിനേഷൻ കമ്മിറ്റിയുടെ 23.02.2026-ലെ യോഗത്തിലെ 4.34 നമ്പർ തീരുമാനം

**ഉത്തരവ്**

തില്ലങ്കരി ഗ്രാമപഞ്ചായത്ത്, 2023-24-ൽ MGNREGS-ൽ ഉൾപ്പെടുത്തി 11,67,623/- രൂപ അടങ്കൽ തുകയ്ക്ക് ഏറ്റെടുത്ത തില്ലങ്കരി ഗവ. യുപി സ്കൂൾ ചുറ്റു മതിലിന്റെ നിർമ്മാണം പൂർത്തിയാക്കി. ഇതിന്റെ അടങ്കൽ 5 ലക്ഷം രൂപയിൽ അധികമായതിനാൽ ചെക്ക് മെഷർ ചെയ്യേണ്ടത് ഇരിട്ടി ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായിരുന്നു. എന്നാൽ, MGNREGS അക്രഡിറ്റഡ് എഞ്ചിനീയർ ഓരോ ഘട്ടത്തിലും ചെക്ക് മെഷർമെന്റ് സമർപ്പിക്കാതിരുന്നതിനാൽ വിദഗ്ധ തൊഴിലാളികൾക്കുള്ള തുകയും മെറ്റീരിയലിന്റെ തുകയും നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ചെക്ക് മെഷർ ചെയ്യാൻ അനുമതി നൽകണമെന്ന ആവശ്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ - ഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും MGNREGS മിഷൻ ഡയറക്ടറുടെ പരാമർശം 2-ലെ റിപ്പോർട്ടിന്റെ കൂടി അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ പരാമർശം 3 പ്രകാരം ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ എടുക്കുകയുണ്ടായി ;

i)പ്രവൃത്തിയുടെ നിർവ്വഹണ ഘട്ടത്തിൽ ചെക്ക് മെഷർ ചെയ്യാത്തത് വീഴ്ചയാണ്.

ii)പ്രവൃത്തി പൂർത്തിയായ സാഹചര്യത്തിൽ ഇനി ചെക്ക് മെഷർമെന്റ് എടുക്കുക

സാധ്യമല്ല. MGNREGS മിഷൻ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ പ്രവൃത്തിയുടെ ചെക്ക് മെഷർമെന്റിനു പകരം വാല്യുവേഷൻ എടുക്കാൻ ഇരിട്ടി ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു. വാല്യവേഷന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവർക്ക് അർഹമായ തുക നൽകാവന്നതാണ്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ, തില്ലങ്കരി ഗ്രാമപഞ്ചായത്ത്, 2023-24-ൽ MGNREGS-ൽ ഉൾപ്പെടുത്തി ₹11,67,623/- (പതിനൊന്ന് ലക്ഷത്തി അറുപത്തി ഏഴായിരത്തി അറുനൂറ്റി ഇരുപത്തിമൂന്ന് രൂപ മാത്രം) അടങ്കൽ തുകയ്ക്ക് ഏറ്റെടുത്ത് പൂർത്തിയാക്കിയ തില്ലങ്കരി ഗവ. യുപി സ്കൂൾ ചുറ്റു മതിൽ നിർമ്മാണത്തിന്റെ വാല്യുവേഷൻ എടുക്കാൻ ഇരിട്ടി ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയും പ്രസ്തുത വാല്യവേഷന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവർക്ക് അർഹമായ തുക നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

ജില്ലാ പ്ലാനിംഗ് ഓഫീസർ, കണ്ണൂർ
മിഷൻ ഡയറക്ടർ, MGNREGS സ്റ്റേറ്റ് മിഷൻ , തിരുവനന്തപുരം
പ്രസിഡന്റ്/സെക്രട്ടറി, തില്ലങ്കരി ഗ്രാമപഞ്ചായത്ത്, തില്ലങ്കരി
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇരിട്ടി ബ്ലോക്ക്പഞ്ചായത്ത്, ഇരിട്ടി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
വെബ് & ന്യൂ മീഡിയ, ഐ&പിആർഡി (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Nisam N
Date: 05-03-2026 10:29:38
സെക്ഷൻ ഓഫീസർ

പകർപ്പ് :ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി